# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 19.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വർഷത്തിനിടെ രാജ്യത്തെ ഇലക്ട്രോണിക്സ് നിർമാണവും കയറ്റുമതിയും അഞ്ച് മടങ്ങിലധികം വർദ്ധിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Country's electronics manufacturing and exports increases more than five times in 10 years says Union Minister Ashwini Vaishnav.**

2. ഇന്ന് ലോക കരൾദിനം, ന്യൂഡൽഹിയിൽ നടന്ന ആരോഗ്യമുള്ള കരൾ-ആരോഗ്യ ഇന്ത്യ പരിപാടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മുഖ്യാതിഥിയായി.

   **Today is World Liver Day, Union Home Minister Amit Shah attends the Healthy Liver-Healthy India program held in New Delhi.**

3. പുതിയ അധ്യയന വർഷത്തിൽ ലഹരിക്കെതിരെ പാഠ്യപദ്ധതി പരിഷ്കരണവും അധ്യാപക പരിശീലനവും ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **The curriculum will reform and teacher training will includes as part of anti drug campaign from next academic year onwards says CM Pinarayi Vijayan.**

4. രാജ്യത്തുടനീളമുള്ള തീർത്ഥാടകരെയും വിനോദസഞ്ചാരികളെയും ലക്ഷ്യമിട്ടുള്ള ഓൺലൈൻ ബുക്കിംഗ് തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

   **The Union Home Ministry alerts people to be vigilant against online booking scams targeting pilgrims and tourists across the country.**

5. ഈസ്റ്റർ ദിനത്തെ വരവേൽക്കാനൊരുങ്ങി ക്രൈസ്തവ വിശ്വാസികൾ, ഇന്ന് വലിയ ശനി.

   **Christians are preparing to welcome Easter, today is holy Saturday.**

6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - ഡൽഹി ക്യാപിറ്റൽസിനെയും രാജസ്ഥാൻ റോയൽസ് -ലഖ്നൗ സൂപ്പർ ജയന്റ്സിനെയും നേരിടും.**

**In IPL cricket, Gujarat Titans will face Delhi Capitals and Rajasthan Royals will face Lucknow Super Giants today.**

**&&&&&&&&&&&&&&&&&&&&**

## PM – SAUDI VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സൗദി അറേബ്യ സന്ദർശനത്തിന് ചൊവ്വാഴ്ച തുടക്കമാകും.

സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാന്റെ ക്ഷണപ്രകാരമാണ് സന്ദർശനം.

സൗദി അറേബ്യയുമായുള്ള ഉഭയകക്ഷി ബന്ധത്തിന് ഇന്ത്യ നൽകുന്ന പ്രാധാന്യം ശ്രീ മോദിയുടെ സന്ദർശനം അടിവരയിടുന്നു. ബഹുമുഖ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും ശക്തിപ്പെടുത്താനും പരസ്പര താൽപ്പര്യമുള്ള വിവിധ പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറാനും ഇത് അവസരം നൽകും

**&&&&&&&&&&&&&&&&&&&&**

## HEAD LINE – 1

## VAISHNAW ELECTRONICS (INTRO)

10 വർഷത്തിനിടെ രാജ്യത്തെ ഇലക്ട്രോണിക്സ് നിർമാണം അഞ്ച് മടങ്ങും കയറ്റുമതി ആറ് മടങ്ങും വർദ്ധിച്ചതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഇലക്ട്രോണിക്സ് നിർമാണ മേഖലയിൽ ഏകദേശം 25 ലക്ഷം പേർ ജോലി ചെയ്യുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഹരിയാനയിലെ ഗുരുഗ്രാമിലെ മനേസറിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ്-വോയ്സ്)

**&&&&&&&&&&&&&&&&&&&&**

## WB-MURSHIDABAD

പശ്ചിമ ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദ ബോസ് മുർഷിദാബാദിലെത്തി. വഖഫ് നിയമത്തിനെതിരായ പ്രതിഷേധങ്ങളെത്തുടർന്ന് അടുത്തിടെയുണ്ടായ അക്രമത്തിൽ ദുരിതമനുഭവിക്കുന്ന മുർഷിദാബാദ് ജില്ലയിലെ ശംഷേർഗഞ്ചിലെ ജനങ്ങളുമായി അദ്ദേഹം സംവദിക്കുകയാണ്. ജനങ്ങൾ കയ്യിൽ പ്ലക്കാർഡുകളുമായി പ്രദേശത്ത് പ്രതിഷേധം തുടരുകയാണ്. സംസ്ഥാന പോലീസിൽ വിശ്വാസമില്ലെന്നും ഗ്രാമങ്ങളിൽ കേന്ദ്രസേനയെ വിന്യസിക്കണമെന്നുമാണ് പ്രദേശവാസികളുടെ ആവശ്യം .അതേസമയം ദേശീയ വനിതാ കമ്മീഷനും ദേശീയ മനുഷ്യാവകാശ കമ്മീഷനും പ്രദേശം സന്ദർശിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&

## HEAD LINE – 2

## WORLD LIVER DAY (INTRO)

ഇന്ന് ലോക കരൾ ദിനം. ദിനാചരണത്തിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിവർ ആൻഡ് ബിലിയറി സയൻസസ് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ആരോഗ്യമുള്ള കരൾ-ആരോഗ്യ ഇന്ത്യ പരിപാടിയിൽ ആഭ്യന്തര മന്ത്രി അമിത് ഷാ മുഖ്യാതിഥിയായി.

ഒരു റിപ്പോർട്ട്..........

(വോയ്സ്)

&&&&&&&&&&&&&&&&&&&&&

## WORLD LIVER DAY (VOICE)

കരൾ രോഗങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും എണ്ണമയമുള്ളതും കൊഴുപ്പുള്ളതുമായ ഭക്ഷണങ്ങൾ ഒഴിവാക്കി ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ദിനാചരണം ലക്ഷ്യമിടുന്നത്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ഇന്ത്യയിലെ മരണകാരണങ്ങളിൽ പത്താമത്തെ സ്ഥാനത്താണ് കരൾ രോഗങ്ങൾ. ഹെപ്പറ്റൈറ്റിസ് ബി, സി, ഹെപ്പറ്റോസെല്ലുലാർ കാർസിനോമ തുടങ്ങിയ രോഗങ്ങൾ പലപ്പോഴും സംഭവിക്കുന്നത് മോശം

ജീവിതശൈലികൾ മൂലമാണ്, ഇതിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അമിത ഉപഭോഗം, അനാരോഗ്യകരമായ ഭക്ഷണങ്ങളുടെ ദീർഘകാല ഉപയോഗം, വ്യായാമക്കുറവ് എന്നിവ ഉൾപ്പെടുന്നു.

'ഭക്ഷണമാണ് ഔഷധം' എന്നതാണ് ഈ വർഷത്തെ ലോക കരൾ ദിനത്തിന്റെ പ്രമേയം. സമീകൃതാഹാരത്തിലൂടെ കരൾ ആരോഗ്യം നിലനിർത്തുന്നതിലും കരൾ രോഗങ്ങൾ തടയുന്നതിലും പോഷകാഹാരത്തിന്റെ നിർണായക പങ്ക് പ്രമേയം വ്യക്തമാക്കുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

**&&&&&&&&&&&&&&&&&&&&&**

## CHARDHAM YATRA

രാജ്യത്തെ പ്രധാന തീർത്ഥാടനങ്ങളിലൊന്നായ ചാർധാം യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു .ചാർധാം യാത്രയിൽ യമുനോത്രി, ഗംഗോത്രി, കേദാർനാഥ്, ബദരീനാഥ് എന്നീ നാല് തീർഥാടന കേന്ദ്രങ്ങളാണ് ഉൾപ്പെടുന്നത്. യമുനോത്രിയിൽ നിന്ന് ആരംഭിച്ച് ബദരീനാഥിൽ അവസാനിക്കുന്ന പരമ്പരാഗത പാതയിലൂടെയാണ് യാത്ര. ഇതിനായി ഈ മാസം 30 ന് ഗംഗോത്രി ധാമിനൊപ്പം യമുനോത്രി ധാമും തുറക്കും, അതേ ദിവസം തന്നെ ഭക്തരെ സ്വാഗതം ചെയ്യും. കേദാർനാഥ് ധാം മെയ് 2 ന് വീണ്ടും തുറക്കും. തീർത്ഥാടകരുടെ സുരക്ഷയും സൗകര്യവും ഉറപ്പാക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരികയാണ്.

**&&&&&&&&&&&&&&&&&&&&&**

## HEAD LINE – 4

## I4C-ONLINE FRAUD ALERT

രാജ്യത്തുടനീളമുള്ള മത തീർത്ഥാടകരെയും വിനോദസഞ്ചാരികളെയും ലക്ഷ്യം വച്ചുള്ള ഓൺലൈൻ ബുക്കിംഗ് തട്ടിപ്പുകൾക്കെതിരെ ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി, . പണമടയ്ക്കുന്നതിന് മുമ്പ് അതീവ ജാഗ്രത പാലിക്കാനും വെബ്സൈറ്റുകളുടെ ആധികാരികത

പരിശോധിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഗൂഗിൾ, ഫേസ്ബുക്ക്, വാട്ട്സ്ആപ്പ് എന്നിവയിലെ സ്പോൺസർ ചെയ്യുതോ അറിയാത്തതോ ആയ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ ജാഗ്രത പാലിക്കണം. എന്തെങ്കിലും തട്ടിപ്പ് നടന്നാൽ, ദേശീയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലായ www.cybercrime.gov.in-ലോ 1930 എന്ന ഹെൽപ്പ്ലൈൻ നമ്പറിൽ വിളിച്ചോ സംഭവങ്ങൾ ഉടൻ റിപ്പോർട്ട് ചെയ്യാനും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&&&&

## JEE MAIN RESULT

ഈ വർഷത്തെ ജോയിൻറ് എൻട്രൻസ് എക്സാമിനേഷൻ, ജെഇഇ മെയിൻ രണ്ടാം ഘട്ട പരീക്ഷാഫലം നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു. ഫലം ജെഇഇ മെയിൻ.nta.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വർഷം ജെഇഇ മെയിൻ പരീക്ഷ രണ്ട് ഘട്ടങ്ങളിലായാണ് നടന്നത്.

&&&&&&&&&&&&&&&&&&&&&

## REV. DELHI-BUILDING COLLAPSE

ഡൽഹിയിലെ മുസ്തഫാബാദ് പ്രദേശത്ത് നാല് നില കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ നാല് പേർ മരിച്ചു, 12 ഓളം പേർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായാണ് റിപോർട്ടുകൾ. ഇന്ന് പുലർച്ചെ 3 മണിയോടെയാണ് സംഭവം നടന്നതെന്ന് അഡീഷണൽ ഡിസിപി സന്ദീപ് ലാംബ മാധ്യമങ്ങളോട് പറഞ്ഞു. ദേശീയ ദുരന്ത നിവാരണ സേന ്യയിൽ നിന്നും ഡൽഹി പോലീസിൽ നിന്നുമുള്ള സംഘങ്ങൾ സ്ഥലത്തെത്തി രക്ഷാപ്രവർത്തനങ്ങൾ നടത്തിവരികയാണ് .

&&&&&&&&&&&&&&&&&&&&&

## HEAD LINE – 3

## CM KERALA -DRUG CAMPAIGN

പുതിയ അധ്യയന വർഷത്തിൽ ലഹരിക്കെതിരെ പാഠ്യപദ്ധതി പരിഷ്കരണവും അധ്യാപക പരിശീലനവും ഉൾപ്പെടെയുള്ള

പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുഖ്യമന്ത്രി പങ്കെടുക്കുന്ന പ്രതിവാര ടെലിവിഷൻ സംവാദപരിപാടിയായ 'നാം മുന്നോട്ട്'ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വേനലവധിക്കാലത്ത് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തും. രാസലഹരിയുടെ ദൂഷ്യഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ, അധ്യാപകർക്ക് കൗൺസലിങ് പരിശീലനം, കുട്ടികൾക്ക് കായികപരിശീലനത്തിന് അധികസമയം, രക്ഷിതാക്കൾക്ക് ബോധവത്കരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളാണ് ഈ അധ്യയന വർഷം ഏറ്റെടുക്കുകയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## SHINE TOM CHACKO

നേരിട്ട് ഹാജരാകാൻ നോട്ടീസ് നൽകിയതിനെ തുടർന്ന് ഇന്ന് രാവിലെ എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ എത്തിയ നടൻ ഷൈൻ ടോം ചാക്കോയെ പോലീസ് ചോദ്യം ചെയ്തു വരുന്നു. രണ്ട് എസിപി മാരുടെ നേതൃത്വത്തിലാണ് ചോദ്യം ചെയ്യുന്നത്. രണ്ടുദിവസം മുമ്പ് താമസിച്ചിരുന്ന ഹോട്ടലിൽ പോലീസ് പരിശോധനയ്ക്ക് എത്തിയ ഉടനെ മൂന്നാം നിലയിൽ നിന്ന് ചാടി രക്ഷപ്പെട്ടതിനെത്തുടർന്നാണ് നടപടി.

&&&&&&&&&&&&&&&&&&&&

## HEAD LINE – 5

## EASTER

ഈസ്റ്റർ ദിനത്തെ വരവേൽക്കാനുള്ള ഒരുക്കത്തിൽ ക്രൈസ്തവ വിശ്വാസികൾ. കുരുശുമരണത്തിൽ നിന്നും ലോക നന്മയ്ക്കായി യേശുക്രിസ്തുവിൻ്റെ ഉയർത്തെഴുന്നേൽപ്പിനായുള്ള കാത്തിരിപ്പിൽ വിശ്വാസികൾ ഇന്ന് വലിയ ശനി ആചരിക്കുന്നു. ഒരാഴ്ചയായി നടന്നുവരുന്ന പ്രാർഥനാകാലത്തിന് നാളെ സമാപനമാകും. ഓശാന ഞായറിൽ സന്ധ്യാപ്രാർത്ഥനകളോടെ ആരംഭിച്ച പ്രത്യേക ശുശ്രൂഷകൾ ദേവാലയങ്ങളിൽ ഇന്നും തുടരുന്നു. ഇന്നു വൈകിട്ടോടെ ഈസ്റ്റർ പ്രാർഥനയ്ക്കും തുടക്കമാകും.

&&&&&&&&&&&&&&&&&&&&

## HEAD LINE – 6

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. അഹമ്മദാബാദിൽ വൈകുന്നേരം 3.30 ന് ഗുജറാത്ത് ടൈറ്റൻസ് -ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ജയ്പൂരിൽ രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസ് -ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

&&&&&&&&&&&&&&&&&&&&&

## ARYABHATA-50 YEARS

ഇന്ത്യയുടെ ആദ്യ കൃത്രിമോപഗ്രഹമായ ആര്യഭട്ട ഇന്നേക്ക് 50 വർഷം പൂർത്തിയാക്കുന്നു. പുരാതന ഇന്ത്യൻ ഗണിതശാസ്ത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനുമായ ആര്യഭടനോടുള്ള ബഹുമാനാർത്ഥമാണ് ഉപഗ്രഹത്തിന് ആര്യഭട്ട എന്ന പേര് നൽകിയത്. ഐ എസ് ആർ ഒ നിർമ്മിച്ച ഈ ഉപഗ്രഹം, 1975 ഏപ്രിൽ 19-ന് സോവിയറ്റ് യൂണിയന്റെ സഹായത്തോടെ കപുസ്റ്റിൻ യാറിൽ നിന്നാണ് വിക്ഷേപിച്ചത്.

&&&&&&&&&&&&&&&&&&&&&

## CANADA-INDIAN KILLED

കാനഡയിൽ ഹാമിൽട്ടണിലെ ഇന്ത്യൻ വിദ്യാർത്ഥിനി അജ്ഞാതരുടെ വെടിയേറ്റ് മരിച്ചു. ബസ് സ്റ്റോപ്പിൽ കാത്തുനിൽക്കുന്നതിനിടെയാണ് സംഭവം. 21 വയസ്സുള്ള ഹർസിമ്രത് രൺധാവയാണ് കൊല്ലപ്പെട്ടത്. മൊഹാക്ക് കോളേജിലെ വിദ്യാർത്ഥിനിയാണ്. സംഭവത്തിൽ ടൊറൻറോയിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ അഗാധമായ ദുഃഖം രേഖപ്പെടുത്തി. പോലീസ് , കൊലപാതകത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട് .

&&&&&&&&&&&&&&&&&&&&&

## DRC - BOAT CPASIZED

ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് കോംഗോയിൽ, മോട്ടോർ ബോട്ട് തീപിടിച്ച് മറിഞ്ഞ് 148 പേർ മരിച്ചു. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 500 ഓളം യാത്രക്കാരുമായി സഞ്ചരിച്ചിരുന്ന ബോട്ട്

രാജ്യത്തിന്റെ വടക്കുപടിഞ്ഞാറൻ മേഖലയിലെ കോംഗോ നദിയിൽ മറിഞ്ഞതായി ഉദ്യോഗസ്ഥർ അറിയിച്ചു. ബോട്ടിൽ യാത്രക്കാരിൽ ഒരാൾ പാചകം ചെയ്യുന്നതിനിടെ തീ പടർന്നാണ് അപകടമെന്ന് ഔദ്യോഗിക വൃത്തങ്ങൾ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

**PHARMA - EXPORT**

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ഔഷധ കയറ്റുമതി 30 ബില്യൺ ഡോളർ കവിഞ്ഞതായി കണക്കുകൾ. 2023-24 സാമ്പത്തിക വർഷത്തിലെ 27.5 ബില്യൺ ഡോളറുമായി താരതമ്യപ്പെടുത്തുമ്പോൾ 9 ശതമാനത്തിലധികം വർധനയാണ് ഉണ്ടായിട്ടുള്ളത്. ഈ വർഷം മാർച്ചിൽ, മാത്രം 30 ശതമാനത്തിലധികം വർധന രേഖപ്പെടുത്തി. ഔഷധ കയറ്റുമതിയിൽ അമേരിക്കയാണ് പ്രധാന വിപണി. 2024-25 സാമ്പത്തിക വർഷത്തിൽ അമേരിക്കയിലേക്കുള്ള കയറ്റുമതി 14 ശതമാനത്തിലധികം വളർച്ച രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&